# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **4044** | **16.05.2017**-ൽ മറുപടി നൽകേണ്ടിയിരുന്നത്

### അദാലത്തുകളിൽ തീർപ്പാക്കിയിട്ടുള്ള പരാതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മേഖലാടിസ്ഥാനത്തിലും, ആസ്ഥാന ഓഫീസുകളായ പഞ്ചായത്ത്, മുനിസിപ്പൽ ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലും മന്ത്രി നടത്തിയ അദാലത്തുകളിൽ എത്ര പരാതികൾ ലഭിച്ചിരുന്നു; ഇതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട്; തീർപ്പാക്കാത്ത പരാതികൾ എത്ര എണ്ണമാണ്; കണക്കുകൾ ലഭ്യമാക്കുമോ; | (എ) | പഞ്ചായത്ത് ഡയറക്ടറേറ്റിൽ മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് നടത്തിയിട്ടില്ല.<br>നഗരകാര്യ വകുപ്പിൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഫയൽ അദാലത്തുകളൊന്നും നടത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകളിൽ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദാലത്തുകൾ നടത്തിയിട്ടുണ്ട്. 30.01.2017-ൽ തിരുവനന്തപുരം നഗര സഭയിൽ വച്ച നടന്ന ടൗൺ പ്ലാനിംഗ് അദാലത്തുമായി ബന്ധപ്പെട്ട് 320 അപേക്ഷകൾ ലഭിച്ചതിൽ 214 എണ്ണം തീർപ്പാക്കിയിട്ടുള്ളതാണ്. 04.03.2017-ന് കൊച്ചി നഗരസഭയിൽ നടന്ന ഫയൽ അദാലത്തിൽ 236 അപേക്ഷകൾ ലഭ്യമായതിൽ 40 എണ്ണം തീർപ്പാക്കിയിട്ടുള്ളതാണ്. 24.04.2017-ൽ കോഴിക്കോട് നഗരസഭയിൽ നടന്ന അദാലത്തിൽ 363 അപേക്ഷകൾ ലഭിച്ചതിൽ 68 എണ്ണം തീർപ്പാക്കിയിട്ടുള്ളതാണ്. ടി നഗരസഭകളിൽ തീർപ്പാക്കാത്ത ഫയലുകളിൽ തുടർനടപടികൾ സ്വീകരിച്ച വരുന്നുണ്ട്.<br>നഗരകാര്യ വകുപ്പിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.03.2017-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽ 2017 ഏപ്രിൽ 19, 20, 22 തീയതികളിൽ |

നഗരസഭാ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ/സർവ്വീസ് റഗുലറൈസേഷൻ എന്നിവ സംബന്ധിച്ച് ഫയൽ അദാലത്ത് നടത്തിയിട്ടുള്ളതാണ്. അദാലത്തിൽ ലഭിച്ച 674 അപേക്ഷകളിൽ 523 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 151 അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിലേക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ കാലാകാലങ്ങളായി കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(ബി) തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്ത് നടത്തിവരുന്നുണ്ട്.

Beena

സെക്ഷൻ ഓഫീസർ